സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

March 2025
Vol. 1 Issue 3 pages 5-8

പാലൈ
PALAI பாலை
ISSN No: 3049-0316

# ദൃശ്യഭാഷയിലെ ബിംബകല്പന എലിപ്പത്തായത്തിന്റെ കാഴ്ച



ഡോ. പി.എസ്. ജ്യോതിലക്ഷ്മി*

**സംഗ്രഹം**

അടൂർ ചിത്രങ്ങളിലെ സുപ്രധാനമായ സവിശേഷത ചലച്ചിത്രങ്ങളിൽ ദീക്ഷിച്ചിട്ടുള്ള ബിംബാവതരണങ്ങളാണ്. കഥയിലെ അന്തസംഘർഷങ്ങളെയും കഥാപാത്രങ്ങളുടെ ആത്മസംഘർഷങ്ങളെയും അനുഭവവേദ്യമാക്കാൻ ഫലപ്രദമായി ഉപയോഗിച്ചിട്ടുള്ള ബിംബങ്ങൾ എലിപ്പത്തായത്തിലും കാണാം. ആളൊഴിഞ്ഞ ഇടനാഴികളും ഏകാന്തമായ തളങ്ങളും അടഞ്ഞ വാതിലുകളും ഇരുട്ടുകട്ടപിടിച്ച അടുക്കളയും പൊളിഞ്ഞുതുടങ്ങുന്ന മേൽക്കൂരയുമൊക്കെയായി നിലകൊള്ളുന്ന നരവീണ നാലുകെട്ട് പോയകാല പ്രൌഢിയെയും വർത്തമാനകാലജീർണ്ണതയെയും ഒരുപോലെ സംവേദനം ചെയ്യാൻ പര്യാപ്തമാണ്.

**താക്കോൽ വാക്കുകൾ:** സിനിമ – ദൃശ്യഭാഷ – ബിംബകല്പന – ദൃശ്യബിംബങ്ങൾ – എലിപ്പത്തായം – ദൃശ്യഭാഷയിലെ ബിംബകല്പന – എലിപ്പത്തായത്തിന്റെ കാഴ്ച

“മറ്റേതു കലയെയും പോലെ തന്നെ ചലച്ചിത്രത്തിന് തനതായ ഒരു ഭാഷയുണ്ട്. കവിതയിലെ വാക്കുകൾക്കും ക്യാൻവാസിലെ നിറങ്ങൾക്കും സംഗീതത്തിലെ സ്വരങ്ങൾക്കും തുല്യമായി ഇവിടെയുള്ളത് ദൃശ്യങ്ങളാണ്. കവി വാക്കുകളെയും ഗായകൻ സ്വരങ്ങളെയും ചിത്രകാരൻ നിറങ്ങളെയും തങ്ങളുടെ ആത്മാവിഷ്കാരത്തിനുള്ള ഉപാധികളാക്കുമ്പോൾ, ചലച്ചിത്രകാരൻ, വേറിട്ടുനിന്നാൽ വ്യക്തിത്വമില്ലാത്ത ദൃശ്യങ്ങളെയും ശബ്ദവിശേഷങ്ങളെയും 'സ്വഭാവനാനുസൃതമുള്ള സന്നിവേശമാതൃകകളിലൂടെ ബന്ധിപ്പിച്ച് ആത്മപ്രകാശനം നടത്തുന്നു.'

സിനിമ ‘സംവിധായകന്റെ കല’യാണ് എന്നാവർത്തിച്ച് പറഞ്ഞുറപ്പിച്ചിട്ടുള്ള ചലച്ചിത്രകാരനാണ് അടൂർ ഗോപാലകൃഷ്ണൻ. സിനിമയുടെ ഭാഷയെക്കുറിച്ചുള്ള അടൂരിന്റെ അഭിപ്രായമാണ് മേൽപ്പറഞ്ഞ വാക്കുകൾ. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വികസിച്ച സിനിമ എന്ന കലാരൂപം ഒരേസമയം ഒരു കലയായും മാധ്യമമായും വ്യവസായമായും വളരെവേഗം ഏറ്റവുമധികം ജനപ്രീതിയാർജ്ജിച്ച

* അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, സെന്റ് ജോസഫ്സ് കോളേജ് ഫോർ വിമെൻ, ആലപ്പുഴ

 ISSN No: 3049-0316 

കലാരൂപമായി മാറി. കേവലം ഒരു വിനോദോപാധി എന്നതിലുപരി ആത്മപ്രകാശനത്തിനുള്ള ഇടമായി, സാമൂഹികയാഥാർത്ഥ്യങ്ങളോടുള്ള പ്രതികരണമായി, സാമൂഹികപ്രതിബദ്ധത പ്രകടിപ്പിക്കാനുള്ള പ്രതലമായി സിനിമ അതിവേഗം മാറുകയായിരുന്നു. ഇതിനു സമാന്തരമായി സാങ്കേതികവിദ്യയിൽ വന്ന പരിവർത്തനങ്ങൾ ആദ്യകാലങ്ങളിൽ ചലിക്കുന്ന ചിത്രം മാത്രമായിരുന്ന സിനിമയെ സംസാരിക്കുന്ന ചലച്ചിത്രമാക്കി മാറ്റി. ഇത് സിനിമയെ കൂടുതൽ ജനപ്രിയമാക്കി. ദൃശ്യത്തിനൊപ്പം ശബ്ദവും കൂടി സന്നിവേശിച്ചപ്പോൾ ആശയസംക്രമണം കൂടുതൽ ശക്തമായെങ്കിലും സിനിമയിൽ ദൃശ്യഭാഷയ്ക്കുള്ള പ്രാധാന്യം കുറഞ്ഞില്ല. വ്യക്തമായ വ്യാകരണനിയമങ്ങളിലധിഷ്ഠിതമാക്കി വാക്കുകൾ കൂട്ടിച്ചേർത്ത് വാക്യങ്ങൾ ഉണ്ടാക്കുന്നതുപോലെ ദൃശ്യാവബോധത്തിലധിഷ്ഠിതമാക്കി പരസ്പരബന്ധത്തിലൂടെ കൂട്ടിച്ചേർക്കുന്ന കുറെ ദൃശ്യങ്ങളാണ് സിനിമയിൽ ആശയസംവേദനം നടത്തുന്നത്. സിനിമയുടെ ഭാഷ ദൃശ്യങ്ങളുടെ ഭാഷതന്നെയാണ് എന്ന് ശരിയായി മനസ്സിലാക്കിയവരാണ് സിനിമയെ ഉത്കൃഷ്ടമാക്കിയിട്ടുള്ള സംവിധായകരെല്ലാംതന്നെ. സിനിമയുടെ സാർവ്വലൌകികത നിലനിർത്തുന്നതും ഈ സവിശഷതയാണ്.

അടൂരിന്റെ തന്നെ വാക്കുകളിൽ സ്വഭാവനാനുസൃതമുള്ള സന്നിവേശമാതൃകകളിലൂടെയുള്ള ആത്മപ്രകാശനമാണ് സിനിമ. ഇങ്ങനെ ഭാവന വിരിയിച്ചെടുക്കുന്ന അനുഭൂതികളുടെ ആത്മാവിഷ്കാരത്തിന് സർവ്വസാധാരണമായ ഭാഷ മതിയാകാതെ വരും. 'അനുഭൂതികളുടെ സാന്ദ്രീകരണവും മൂർത്തീകരണവുമാണ് ഉത്കൃഷ്ടമായ രചനകളുടെ പ്രത്യേകത'. അനുഭവങ്ങളുടെ പ്രത്യക്ഷീകരണമാണ് അവിടെ സ്വീകാര്യമായിട്ടുള്ളത്. സാഹിത്യത്തിലും സിനിമയിലും അനുഭൂതികളുടെ ആവിഷ്കരണ ഉപാധിയായി ബിംബങ്ങളുടെ ഉപയോഗം സമർത്ഥമായി പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. സാഹിത്യത്തിൽ നിത്യോപയോഗം കൊണ്ട് പഴകിത്തേഞ്ഞ വാക്കുകൾക്കു പകരം വാങ്മയബിംബങ്ങൾ ഉപയോഗിച്ചാണ് ഭാവതീവ്രത അനുഭവവേദ്യമാക്കുന്നതെങ്കിൽ സിനിമയിലത് ദൃശ്യബിംബങ്ങൾ പകരം വച്ചുകൊണ്ടാണ് സാധ്യമാക്കുന്നത്. സിനിമയിൽ ബിംബാവിഷ്കാരത്തിന് പ്രാധാന്യം നൽകിയിട്ടുള്ള സംവിധായകനാണ് അടൂർ ഗോപാലകൃഷ്ണൻ. സാമ്പ്രദായിക ചലച്ചിത്രഭാഷയിൽ നിന്ന് മാറി സഞ്ചരിക്കാൻ എന്നും ധൈര്യം കാണിച്ചിട്ടുള്ള അദ്ദേഹത്തിന്റെ മിക്ക സിനിമകളിലും ബിംബകല്പനയ്ക്ക് പ്രത്യേക സ്ഥാനം നൽകിയിരുന്നു. കാഴ്ചയെ നവീകരിച്ച സിനിമ എന്ന നിലയിൽ അദ്ദേഹത്തിന്റെ 'എലിപ്പത്തായം' ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ട ഒന്നാണ്. "എലിപ്പത്തായത്തിന്റെ ട്രീറ്റ്മെൻറ് അസാധാരണമാണ്: എലികളെ മെറ്റഫറായി ഉപയോഗിച്ചുകൊണ്ട് ഗോപാലകൃഷ്ണൻ ഒരു ചലച്ചിത്രകാവ്യം തന്നെയാണ് സൃഷ്ടിച്ചിരിക്കുന്നത്. അതിലെ ഓരോ ദൃശ്യവും, ഓരോ ക്യാമറാചലനവും നിർണ്ണായകമാണ്." എന്ന് പ്രസിദ്ധ ചലച്ചിത്ര നിരൂപണമാസികയായ ടൈം ഔട്ടിൽ (Time Out) ടോണി റയൻസ് നടത്തിയ അഭിപ്രായപ്രകടനവും സൂചിപ്പിക്കുന്നത് മറ്റൊന്നല്ല.

അടൂർ ഗോപാലകൃഷ്ണന്റെ ഏറ്റവും മികച്ച സൃഷ്ടിയായി വിലയിരുത്തപ്പെടുന്ന എലിപ്പത്തായം 1982-ലാണ് പുറത്തിറങ്ങുന്നത്. മലയാളസിനിമയ്ക്ക് ലോക ചലച്ചിത്രഭൂമികയിൽ ഇടം സൃഷ്ടിച്ചുകൊടുത്ത ഒരു മലയാളചലച്ചിത്രം കൂടിയാണിത്. രചനയും സംവിധാനവും അടൂർ ഗോപാലകൃഷ്ണൻ തന്നെ നിർവ്വഹിച്ച ഈ സിനിമ ദേശീയവും അന്തർദേശീയവുമായ നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കുകയുണ്ടായി. 1982-ലെ ഏറ്റവും 'മൗലികവും ഭാവനാത്മകവുമായ' (most original and imaginative film) ചിത്രമായി ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് എലിപ്പത്തായത്തെ തിരഞ്ഞെടുത്തു.

"അടൂർ ഗോപാലകൃഷ്ണന്റെ 'എലിപ്പത്തായം' കണ്ടു കൊണ്ടിരിക്കെ നാം അതിലകപ്പെട്ടുപോകുന്നു. ഉണ്ണിയുടെ മാനസികവിഭ്രാന്തിയിൽ നാമും എരിപൊരികൊള്ളുന്നു. സിനിമ നമ്മെ അനുഭവിപ്പിക്കുക എന്നു പറഞ്ഞാൽ ഇതാണ്." എലിപ്പത്തായം എന്ന സിനിമയുടെ പേരു തന്നെ സിനിമയുടെ അന്തർഭാവത്തിലേക്ക് തുറക്കുന്ന ഒരു വാതിൽ ആണ്. എലിപ്പത്തായം എന്നത് ഒരു എലിക്കെണിയാണ്. സിനിമയിലെ എലിപ്പത്തായം ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു തറവാടും ആ കെണിയിലകപ്പെട്ടിരിക്കുന്നഎലികൾ ആ വീട്ടിലെ അംഗങ്ങളും ആണ്. ഭൂതകാലത്തിൻറെ തടവറയിൽ കഴിയുന്നവരാണ് ആ തറവാട്ടിലെ ഓരോ അംഗങ്ങളും അങ്ങനെ വരുമ്പോൾ തടവറയെന്നത് കാലം തന്നെയാവുന്നു. വേറൊരു തരത്തിൽ അത് മനുഷ്യമനസ്സ് തന്നെയാണ്. അവരവരുടെ മനസ്സിന്റെ തടവറയിൽ നിന്ന് മുക്തിയില്ലാത്തവരാണ് എലിപ്പത്തായത്തിലെ കഥാപാത്രങ്ങൾ.

"സ്വന്തം ചലച്ചിത്രജീവിതം മാറ്റിയെഴുതിയ എലിപ്പത്തായത്തെപ്പറ്റി സംവിധായകൻ ഇങ്ങനെയാണ് വിശദീകരിക്കുന്നത്: 'ജീവിതത്തിൽ അനിവാര്യമായ മാറ്റങ്ങളെക്കുറിച്ചാണ് ഈ ചിത്രം. ഈ മാറ്റങ്ങൾ ചിലപ്പോൾ വേദനകളായിരിക്കും നമുക്ക് തരുന്നത്. എന്നാൽ അവയിൽ നിന്ന് നമുക്ക് രക്ഷപ്പെടാനാവില്ല. ഇര ദുർബ്ബലനാവുമ്പോൾ പ്രതിരോധം പീഡനമായി മാറുന്നു. ചിത്രത്തിലെ കേന്ദ്രകഥാപാത്രം പ്രതിരോധം നിഷ്ഫലമാണെന്ന് ഉണ്ണി പതുക്കെ തിരിച്ചറിയുന്നതോടെ അയാൾ ആത്മസ്നേഹത്തിൽ അഭയം തേടുകയാണ്. ചിത്രത്തിൽ ഒരു നിലപാടിന്റെ ഉള്ളിലേക്ക് കടന്ന് പ്രത്യേകതരത്തിലുള്ള ഒരു മാനസികാവസ്ഥയിലേക്ക് പ്രേക്ഷകരെ കൊണ്ടുപോകാനാണ് ഞാൻ ശ്രമിച്ചത്. കുട്ടിലകപ്പെട്ട അവസ്ഥയിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെ വിശാലതയിലേക്ക് എത്തുന്ന ഒരു പരമ്പരയായാണ് ചിത്രം പുരോഗമിക്കുന്നത്. പ്രേക്ഷകർക്ക് പ്രയാസമില്ലാതെ അതിനകത്തെത്താൻ വേണ്ടിയാണ് ലളിതമായ ഒരു ബാഹ്യരൂപം നൽകിയത്. സ്വന്തം തിരക്കഥയായതിനാൽ കൂടുതൽ സമയമേടുക്കേണ്ടി വന്നെങ്കിലും എനിക്ക് വേണ്ടത്ര സാതന്ത്ര്യം ലഭിച്ചിരുന്നു. ഞാൻ നിർമ്മിച്ച ചിത്രങ്ങളിൽ എലിപ്പത്തായമാണ് എന്റെ ജീവിതവുമായി ഏറ്റവും കൂടുതൽ അടുത്തുനിൽക്കുന്നത്. കേരളത്തിലെ ഒരു ഗ്രാമത്തിൽ നടക്കുന്നു എന്നത് മാത്രമല്ല അതിന് കാരണം. എൻറെ സാമൂഹികവും സാമ്പത്തികവുമായ പശ്ചാത്തലം തന്നെയാണ് അതിൽ ചിത്രീകരിക്കപ്പെടുന്നത് എന്നതാണ്." കുട്ടിലകപ്പെട്ട അവസ്ഥയിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെ വിശാലതയിലേക്ക് എത്തുന്നതിനിടയിലുള്ള എരിപൊരിസഞ്ചാരമാണ് സിനിമ അനുഭവിപ്പിക്കുന്നത്. വ്യത്യസ്തമായ ഈ മൂല്യബോധത്തിലേയ്ക്ക് പ്രേക്ഷകരെ പുനരാനയിക്കുകയാണ് അടൂർ സിനിമകളുടെ ധർമ്മം.

എലിപ്പത്തായത്തിലെ കേന്ദ്രകഥാപാത്രം ഉണ്ണി ഒരു പഴയ തറവാട്ടിലെ ഏക ആൺതരിയാണ്. തറവാടിന്റെ പഴയകാലഗരിമയിൽ അഭിരമിച്ചുകൊണ്ട് ജീവിക്കുന്ന ഉണ്ണിക്ക് തനിക്കുചുറ്റുമുള്ള ലോകത്തിന് സംഭവിക്കുന്ന മാറ്റങ്ങളെ തിരിച്ചറിയാനോ പൊരുത്തപ്പെടാനോ കഴിയുന്നില്ല. കാറ്റിന് പുറംതിരിഞ്ഞു നിൽക്കുന്നതെന്തും കടപുഴകി വീഴ്ത്തപ്പെടും എന്ന കാലത്തിന്റെ തീർപ്പിലേക്കാണയാൾ കടന്നുകയറുന്നത്. തന്റെ ജീവിതത്തെ ചുഴന്നുനിൽക്കുന്ന സഹോദരങ്ങളുടെ ജീവിതത്തെയും ഈ വിധിയിലേക്കയാൾ കൂടെക്കൂട്ടുന്നു.

അടൂർ ചിത്രങ്ങളിലെ സുപ്രധാനമായ സവിശേഷത ചലച്ചിത്രങ്ങളിൽ ദീക്ഷിച്ചിട്ടുള്ള ബിംബാവതരണങ്ങളാണ്. കഥയിലെ അന്തസംഘർഷങ്ങളെയും കഥാപാത്രങ്ങളുടെ ആത്മസംഘർഷങ്ങളെയും അനുഭവവേദ്യമാക്കാൻ ഫലപ്രദമായി ഉപയോഗിച്ചിട്ടുള്ള ബിംബങ്ങൾ എലിപ്പത്തായത്തിലും കാണാം. ആളൊഴിഞ്ഞ ഇടനാഴികളും ഏകാന്തമായ തളങ്ങളും അടഞ്ഞ വാതിലുകളും ഇരുട്ടുകട്ടപിടിച്ച അട്ടക്കളയും പൊളിഞ്ഞുതുടങ്ങുന്ന മേൽക്കൂരയുമൊക്കെയായി നിലകൊള്ളുന്ന നരവീണ നാലുകെട്ട് പോയകാല പ്രൌഢിയെയും വർത്തമാനകാലജീർണ്ണതയെയും ഒരുപോലെ സംവേദനം ചെയ്യാൻ പര്യാപ്തമാണ്. പാരമ്പര്യത്തിന്റെയും അധികാരത്തിന്റെയും നിഷ്ക്രിയത്വത്തിന്റെയും ചിഹ്നമാണ് പൂമുഖത്തെ ചാരുകസേര. ചാരുകസേരയുടെ പശ്ചാത്തലത്തിലല്ലാതെ ഉണ്ണിക്കുഞ്ഞ് എന്ന കഥാപാത്രത്തിന് അസ്തിത്വമില്ല. തന്റെ ഹിതത്തിന് വിപരീതമായി സഞ്ചരിക്കുന്ന ലോകത്തിന് ഒപ്പം ഗമിക്കാൻ കഴിയാത്ത ഉണ്ണിക്കുഞ്ഞിന്റെ ഉൾവലിയലിന്റെ അടയാളം കൂടിയാകുന്നുണ്ട് ആ ചാരുകസേര. ചാരുകസേരപോലെതന്നെ അവശേഷിക്കുന്ന പാരമ്പര്യത്തിന്റെയും അധികാരത്തിന്റെയും ചിഹ്നമാണ് സാമാന്യത്തിലധികം വലിപ്പമുള്ള ടോർച്ച്. പൊട്ടിയ ടോർച്ചിനുമുന്നിൽ പതറിനിൽക്കുന്ന ഉണ്ണിക്കുഞ്ഞിന്റെ ആകുലത ചെങ്കോലുനഷ്ടപ്പെട്ട രാജാവിന്റേതിന് സമാനമാണ്. നടക്കാത്ത പഴയ ചുമർ ഘടികാരം, നിശ്ചലമായ കാലത്തെയും നിലച്ചുപോയ ജീവിതങ്ങളെയും ഓർമ്മിപ്പിക്കുന്നു. അടഞ്ഞ വാതിലുകളും സാക്ഷയും, കാറ്റുകടക്കാത്ത ഇരുട്ടറകളെ പ്രത്യക്ഷവത്കരിക്കുകയാണ്. മറ്റൊന്ന് കുളമാണ്. കെട്ടിക്കിടക്കുന്ന കുളം കെട്ടിക്കിടക്കുന്ന ജീവിതം തന്നെയാണ്. ജന്മിത്വത്തിന്റെയും കുലമഹിമയുടെയും ശുദ്ധത കാത്തുസൂക്ഷിക്കുന്ന ഈ കുളത്തിലെ വെള്ളത്തിലാണ് എലിപ്പത്തായത്തിൽ അകപ്പെട്ടുപോകുന്ന എലികൾ ശ്വാസം കിട്ടാതെ പിടഞ്ഞുമരിക്കുന്നത്. അങ്ങനെയൊരു മരണത്തിന് കീഴ്പ്പെടാതിരിക്കണമെന്ന ഉണ്ണിക്കുഞ്ഞിന്റെ തീവ്രമായ ആഗ്രഹത്തിന്റെ പിടച്ചിലിനും കുളം സാക്ഷിയാകുന്നു.

എലിപ്പത്തായത്തിൽ ഒന്നിലധികം തവണ പ്രത്യക്ഷപ്പെടുന്നതാണ് മഴ ദൃശ്യങ്ങൾ. കഥാഗതിയെ മുന്നോട്ടുനയിക്കുന്നതിൽ മഴ സഹായിക്കുന്നുണ്ട്. കഥാപാത്രങ്ങളുടെ ഉള്ളൊഴുക്കുകൾക്ക് മഴ പ്രതീകമാകുന്നു. വ്യത്യസ്തമായ അർത്ഥതലങ്ങളിലാണ് മഴ അവതരിപ്പിക്കപ്പെടുന്നത്. ഏകാന്തതയും ഭയവും ഉത്കണ്ഠയും കനിവും ആശ്വാസവും ഒക്കെയായി സിനിമയിൽ മഴ പെയ്തിറങ്ങുന്നു.

സിനിമയിൽ പ്രത്യക്ഷപ്പെടുന്ന ബിംബങ്ങളെല്ലാം തന്നെ ഭൂതകാലത്തിലേക്കും വർത്തമാനകാലത്തേക്കുമുള്ള സൂചകങ്ങളാണെങ്കിൽ ഭാവികാലത്തിലേക്ക് വിരൽചൂണ്ടുന്ന ഒരേയൊരു ബിംബമാണ് വിമാനം. മാറുന്ന കാലത്തിന്റെ സൂചകമായാണ് തറവാടിന്റെ ആകാശത്തിലൂടെ വിമാനം ഇരമ്പിയെത്തുന്നത്. എന്നാൽ ഈ മാറ്റത്തെ ഒരുപോലെ സ്വീകരിക്കാൻ തറവാട്ടംഗങ്ങൾക്ക് കഴിയുന്നില്ല. ശ്രീദേവിയുടെയും രാജമ്മയുടെയും വിമാനക്കാഴ്ചകൾ രണ്ടാകുന്നത് രണ്ടുപേരുടെയും ജീവിതാഭിമുഖ്യത്തിലുള്ള അന്തരമാണ് വ്യക്തമാക്കുന്നത്. വിമാനത്തിന്റെ കാഴ്ച ശ്രീദേവിയിൽ ആഹ്ലാദം ജനിപ്പിക്കുന്നുവെങ്കിൽ രാജമ്മയ്ക്കത് കണ്ണിൽ ഇരുട്ടുകയറുന്ന അനുഭവമാണ്.

എലിപ്പത്തായം എന്ന സിനിമയിൽ ഉണ്ണിക്കുഞ്ഞിന്റെയും അയാളുടെ സഹോദരിമാരുടേയും ജീവിതക്കാഴ്ചകളെ തീവ്രതകളോടെ ആവിഷ്കരിക്കുന്നതിൽ ദൃശ്യബിംബങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട്. സിനിമയുടെ അവസാനം എലിയായി പരിണമിച്ച ഉണ്ണിയെ ആളുകൾ പിടിച്ചുകൊണ്ടുപോകുമ്പോഴാണ് തറവാടിന്റെ വാതിലുകൾ തുറക്കപ്പെടുന്നത്. അടഞ്ഞ വാതിലുകൾപോലെ തുറന്ന വാതിലും ഒരു പ്രതീകമാണ്. പുറം ലോകത്തേക്കുള്ള വാതായനമായി അത് നിലകൊള്ളുന്നു. കുളത്തിലാഴ്ത്തപ്പെടുന്ന ഉണ്ണി വെള്ളത്തിനു മുകളിലേക്കു വന്ന് ലോകത്തെ നോക്കി നിൽക്കുന്നതാണ് സിനിമയുടെ അവസാനക്കാഴ്ച. തളം കെട്ടിക്കിടക്കുന്ന കാലത്തിൽ നിന്നുള്ള മോക്ഷപ്രാപ്തിയാകുന്നു അത്. സിനിമ മുന്നോട്ടുവയ്ക്കുന്ന ചരിത്രവും രാഷ്ട്രീയവും അതുതന്നെയാണ്.

## അടിക്കുറിപ്പുകൾ

1. സംവിധായകൻറെ കല ഗോപാലകൃഷ്ണൻ അടൂർ - സിനിമയുടെ ലോകം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2008. പേജ് 6.
2. ബിംബകല്പന സൈദ്ധാന്തികതലം ജയശ്രീ വി.ആർ.- വൈലോപ്പിള്ളി ശ്രീധരമേനോൻറെ കവിതയിലെ ബിംബകല്പന, ഗവേഷണപ്രബന്ധം, മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം.
3. രമേശൻ സി.വി. - എലിപ്പത്തായം നാല് പതിറ്റാണ്ടിനിപ്പുറത്തെ സമകാലീന കാഴ്ച, ദി ക്യൂ 27 Jul 2022. https://www.thecue.in/videos/entertainment/filmy-features/rewind/adoor-gopalakrishnans-elippathayam-review-cv-rameshan
4. എലിപ്പത്തായം തോമസ് എം.എഫ് – അടൂരിന്റെ ചലച്ചിത്രയാത്രകൾ, കേരള ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം, 2006. പേജ് 21.
5. രമേശൻ സി.വി. - എലിപ്പത്തായം നാല് പതിറ്റാണ്ടിനിപ്പുറത്തെ സമകാലീന കാഴ്ച, ദി ക്യൂ 27 Jul 2022. https://www.thecue.in/videos/entertainment/filmy-features/rewind/adoor-gopalakrishnans-elippathayam-review-cv-rameshan

## ഗ്രന്ഥസൂചി

1. ഗോപാലകൃഷ്ണൻ അടൂർ - സിനിമയുടെ ലോകം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2008.
2. തോമസ് എം.എഫ് – അടൂരിന്റെ ചലച്ചിത്രയാത്രകൾ, കേരള ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം, 2006.
3. രാജാകൃഷ്ണൻ വി. - കാഴ്ചയുടെ അശാന്തി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 1987.
4. വിജയകൃഷ്ണൻ - ചലച്ചിത്ര സമീക്ഷ, കറന്റ് ബുക്സ്, കോട്ടയം 1987.
5. രമേശൻ സി.വി. - എലിപ്പത്തായം നാല് പതിറ്റാണ്ടിനിപ്പുറത്തെ സമകാലീന കാഴ്ച, ദി ക്യൂ 27 Jul 2022. https://www.thecue.in/videos/entertainment/filmy-features/rewind/adoor-gopalakrishnans-elippathayam-review-cv-rameshan
6. ജയശ്രീ വി.ആർ.- വൈലോപ്പിള്ളി ശ്രീധരമേനോന്റെ കവിതയിലെ ബിംബകല്പന, ഗവേഷണപ്രബന്ധം, മഹാത്മാഗാന്ധി സർവ്വകലാശാല. https://hdl.handle.net/10603/7568